***ഭരണഭാഷ മാതൃഭാഷ ***

**നം.എൻ.എം.1/66119/2013/ഡി.പി.ഐ**

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**തീയതി : 29/10/2013.**

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി - സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പ്രവർത്തനം പരിശോധിക്കുന്നതിന് സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ) ജില്ലാ വിദ്യാഭ്യാസ ആഫീസർ, നൂൺമീൽ സൂപ്പർ വൈസർമാർക്ക് വാഹനം ഹയർ ചെയ്യുന്നതിനു അനുമതി നൽകുന്നത് -സംബന്ധിച്ച്.

**സൂചന :-** സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ 05-07-2013 തീയതിയിൽ ചേർന്ന യോഗ തീരുമാനം.

&&&&&&

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സ്കൂൾതല പ്രവർത്തനം കൂടുതൽ പരിശോധനാ വിധേയമാക്കുന്നതിന്റെ ഭാഗമായി ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, നൂൺമീൽ ആഫീസർമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ) എന്നിവർക്ക് സ്കൂൾ സന്ദർശിച്ച് പരിശോധന നടത്തുന്നതിനു വാഹനം ഹയർ ചെയ്യുന്നതിനും, ഈ ഇനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാസം 25000/- രൂപയ്ക്ക് താഴെ തുക അനുവദിക്കുന്നതിനും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായിട്ടുള്ള സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി സൂചനപ്രകാരം ചേർന്ന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിൻപ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. **ജില്ലാ വിദ്യാഭ്യാസ ഓഫീസർ**

   സ്ക്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സ്ക്കൂൾതല പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസറെ കൂടി ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മാസം 25 സ്കൂളുകളിൽ കുറയാതെ പരിശോധന നടത്തേണ്ടതാണ്. പരിശോധന നടത്തിയ സ്ക്കൂളുകളുടെ വിവരവും പരിശോധനാ റിപ്പോർട്ടും ഓരോ മാസവും ചെലവായ തുകയുടെ വിശദവിവരവും വൗച്ചറുകളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കു നൽകേണ്ടതാണ്.

2. **നൂൺമീൽ സൂപ്പർവൈസർമാർ**

മാസം 25 സ്കൂളുകളിൽ കുറയാതെ പരിശോധന നടത്തേണ്ടതാണ്. പരിശോധനാ റിപ്പോർട്ടും ഓരോ മാസവും ചെലവായ തുകയുടെ വിശദവിവരവും വൗച്ചറുകളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കു നൽകേണ്ടതാണ്.

3. **സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ എല്ലാ സ്കൂളുകൾ, ജില്ലാവിദ്യാഭ്യാസആഫീസറുടെയും, ഉപജില്ലാവിദ്യാഭ്യാസ ആഫീസറുടെയും കാര്യാലയങ്ങൾ സന്ദർശിച്ച് ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ്, ഫണ്ട് വിനിയോഗം, എം.ഐ.എസ്. സോഫ്റ്റ് വെയർ, സ്റ്റേറ്റ് സോഫ്റ്റ് വെയർ മുതലായവ[illegible] പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ക്ലാസ്സുകൾ നടത്തുന്നതിനുവേണ്ടി വാഹനം ഹയർ ചെയ്യാൻ മാസത്തിൽ 25000/- രൂപയിൽ താഴെ തുക അനുവദിക്കുന്നതാണ്.

4. **വിദ്യാഭ്യാസ ഉപഡയറക്ടർമാർ**

ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, നൂൺമീൽ സൂപ്പർവൈസർമാർ എന്നിവർ സ്കൂൾ സന്ദർശനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ശേഖരിച്ച് ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പഴപ്പോൾ നൽകേണ്ടതാണ്. സ്കൂൾ സന്ദർശനവുമായി ബന്ധപ്പെട്ട മേൽആഫീസർമാർ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അംഗീകരിച്ച് ഉപഡയറക്ടറുടെ വ്യക്തമായ അഭിപ്രായ കുറിപ്പുസഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

ഒപ്പ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

**പകർപ്പ്**

വിദ്യാഭ്യാസ ഉപഡയറക്ടർമാർ/
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/
നൂൺമീർ സൂപ്പർവൈസർമാർ
സ്റ്റോക്ക്ഫയൽ.

വൈ.പി